# ‘ശുദ്ധജലക്കാർ’ തമ്മിലടിക്കുന്നു

**മീഡിയാമേറ്റ്**

ജലം ശുദ്ധീകരിക്കുന്ന ഉപകരണം (വാട്ടർ പ്യൂരിഫെയർ) വീട്ടിലുള്ള ഒരാൾ സീൽ ചെയ്ത കുപ്പിയിലാക്കി കടയിൽ വിൽപനയ്ക്ക് വെച്ചിരിക്കുന്ന ശുദ്ധീകരിച്ച ജലം (ഡിസ്റ്റിൽഡ് വാട്ടർ) വാങ്ങുമോ? ഇല്ല.

അപ്പോൾ, ശുദ്ധീകരിച്ച ജലം കുപ്പിയിലാക്കി വിൽക്കുന്ന കമ്പനിയുടെ മുഖ്യശത്രു ആരായിരിക്കും? ജലം ശുദ്ധീകരിക്കുന്ന ഉപകരണം നിർമ്മിച്ചുവിൽക്കുന്ന കമ്പനി തന്നെ.

അങ്ങനെയാണ് ബിസ്ലേരി (ശുദ്ധീകരിച്ച ജലം)ക്ക് അക്വാഗാർഡ് (വാട്ടർ പ്യൂരിഫെയർ) ശത്രുവായത്. ശത്രുവിനെതിരെ ബിസ്ലേരി നടത്തിയ ആക്രമണമാകട്ടെ ഇന്ത്യൻ പരസ്യരംഗത്ത് ഇതുവരെ നടന്നിട്ടില്ലാത്തത്ര ഭീകരവും.

"കോളറയും മഞ്ഞപ്പിത്തവും വയറിളക്കവും ഇപ്പോൾ നിങ്ങൾക്കും കിട്ടും - ഒരൊറ്റ ബട്ടണമർത്തിയാൽ മതി" എന്ന പരസ്യവാചകത്തോടെ അക്വാഗാർഡ് വാട്ടർ പ്യൂരിഫെയറിന്റെ ഒരു ചിത്രവും വെച്ചാണ് ബിസ്ലേറി ഇരുട്ടടി നടത്തിയത്.

ഉടനെത്തന്നെ യൂറേകാ ഫോർബ്സ് കമ്പനി (അക്വാഗാർഡിന്റെ നിർമ്മാതാക്കൾ) പാർലെ എക്സ്പോർട്ട്സിന് (ബിസ്ലേരി നിർമ്മാതാക്കൾ) എതിരെ എം.ആർ.ടി.പി. കമ്മീഷനു മുന്നിൽ പരാതി നൽകി.

അക്വാഗാർഡിനെ അപകീർത്തിപ്പെടുത്തുന്ന വാചകങ്ങളും ചിത്രങ്ങളും മാറ്റാൻ കമ്മീഷൻ ഉത്തരവിട്ടു.

അപ്പോഴിതാ ബിസ്ലേറിയുടെ അടുത്ത പരസ്യം.

"ഒരു ഗ്ലാസ് നിറയെ രോഗാണുക്കൾ, ബാക്ടീരിയ എന്നിവ നൽകാൻ നിങ്ങളുടെ വാട്ടർ പ്യൂരിഫെയറിന് എന്തുവേണം? കേവലം 24 മണിക്കൂർ" - ഇതാണ് വാചകം. അക്വാഗാർഡിന്റെ ചിത്രം ഒഴിവാക്കുകയും ചെയ്തു.



ഇന്ത്യയിൽ മഹാഭൂരിപക്ഷം കുടുംബങ്ങളിലും ഉപയോഗിക്കുന്നത് അക്വാഗാർഡ് ഫിൽറ്ററായതിനാലും ആദ്യ പരസ്യത്തിലൂടെ തങ്ങളുടെ ഉന്നം അക്വാഗാർഡ് ആണെന്ന വ്യക്തമായിരിക്കുന്നതിനാലും പുതിയ പരസ്യത്തിൽ അക്വാഗാർഡിന്റെ ചിത്രമില്ലെങ്കിലും അത് അക്വാഗാർഡിനെ തുടർന്നും അപകീർത്തിപ്പെടുത്തുന്നതാണെന്നും പറഞ്ഞ് യുറേക്കാ ഫോർബ്സ് വീണ്ടും കോടതിയിലെത്തിയരിക്കയാണിപ്പോൾ.

പക്ഷെ തങ്ങൾ പരസ്യമാക്കിയിരിക്കുന്നത് സത്യസന്ധമായ ഒരു വസ്തുതയാണെന്നും സത്യം പറയുന്നതിൽ തെറ്റില്ലെന്നുമാണ് പാർലെയുടെ നിലപാട്.

ഒട്ടേറെ അഴുക്കും അണുക്കളും നിറഞ്ഞ ജലമാണ് ഇന്ന് പൈപ്പുവഴി ഇന്ത്യയിലെ വീടുകളിലെത്തുന്നത്. ഇന്ത്യയിൽ ഇപ്പോൾ വിൽപ്പനയുള്ള എല്ലാം വാട്ടർപ്യൂരിഫയറുകളും വിദേശരാജ്യങ്ങളിലെ സാഹചര്യങ്ങൾക്കനുസരിച്ച് നിർമ്മിച്ചവയാണ്. ഇന്ത്യൻ കുടിവെള്ളത്തെപ്പോലെ അഴുക്കുനിറഞ്ഞ ഒന്നിനെ ശുദ്ധീകരിച്ച് മാലിന്യവിമുക്തവും അണുവിമുക്തവുമാക്കാൻ അവയ്ക്കൊന്നുമാവില്ല. അത് പരീക്ഷിച്ചു മനസ്സിലാക്കാവുന്നതേയുള്ളൂ - ഇതാണ് പാർലെയുടെ നിലപാട്.

അങ്ങിനെ, അക്വാഗാർഡിന്റെ 'ശുദ്ധീകരണശേഷി' ബിസ്ലേറി നമുക്കു കാട്ടിത്തന്നു. ബിസ്ലേറിയുടെ 'ശുദ്ധജലക്കുപ്പി'യുടെ പവിത്രത തുറന്നുകാട്ടാൻ ആരു വരുമോ എന്തോ?